# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>ഭക്ഷ്യോപദേശക വിജിലന്‍സ് കമ്മിറ്റികള്‍</u>

1289 ശ്രീ. ബെന്നി ബെഹനാന്‍
,, കെ. ശിവദാസന്‍ നായര്‍
,, ജോസഫ് വാഴക്കന്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യോപദേശക വിജിലന്‍സ് കമ്മിറ്റികള്‍ രൂപീകരിച്ചിട്ടുണ്ടോയെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) എവിടെയൊക്കെയാണ് ഈ കമ്മിറ്റികള്‍ പ്രവര്‍ത്തിക്കുന്നത് ;

(സി) കമ്മിറ്റികളുടെ പ്രവര്‍ത്തനരീതിയും ഉത്തരവാദിത്തങ്ങളും എന്തെല്ലാമാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>കേന്ദ്രം അനുവദിച്ച ഭക്ഷ്യ ധാന്യങ്ങൾ</u>

1290 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച ഭക്ഷ്യ ധാന്യങ്ങൾ എത്ര വീതമാണെന്നും, എഫ്. സി. ഐ.യിൽ നിന്നും ഏറ്റെടുക്കാൻ സാധിച്ച ധാന്യങ്ങൾ എത്രയാണെന്നും വിശദമാക്കുമോ;

(ബി) ഏതെല്ലാം മാസങ്ങളിൽ എത്ര ടൺവീതം ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് പ്രതിമാസം ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എത്ര ടൺ ആണെന്ന് വിശദമാക്കുമോ;

(ഡി) കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്ത് വിതരണം ചെയ്യുമ്പോൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുകയുടെ നിരക്കുകൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

അരിവില

1291

ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, എം. പി. വിൻസെന്റ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിയുടെ വില വർദ്ധനവ് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) അരിയുടെ ശരിയായ വിതരണം ഉറപ്പു വരുത്തുവാൻ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം കാര്യങ്ങളാണ് നിരീക്ഷണത്തിന് വിധേയമാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അരിവില നിയന്ത്രിക്കാൻ നടപടി</u>

1292 ശ്രീ. വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിവില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സപ്ലൈകോയുടെ നേതൃത്വത്തിൽ കൂടുതൽ അരി വിതരണ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത വിതരണ കേന്ദ്രങ്ങളിലൂടെ മെച്ചപ്പെട്ട ഇനം അരി ലഭ്യമാക്കുന്നകാര്യം പരിഗണിക്കുമോ ;

(ഡി) പ്രതിമാസം നിശ്ചിത അളവിലുള്ള അരി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്ക് അരി നൽകുന്നത്</u>

1293

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണത്തിനും ക്രിസ്തുമസ്സിനും റംസാനും സ്കൂൾ കുട്ടികൾക്ക് അരി നൽകുന്ന പദ്ധതി ഏത് സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപ് എപ്പോഴെങ്കിലും ഓണത്തിന് നൽകുന്ന അരി വിതരണം മുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം ഓണത്തിന് കുട്ടികൾക്ക് അരി ലഭിക്കാതെ പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>കേരളത്തിന് അനുവദിച്ച റേഷൻ സാധനങ്ങൾ</u>

1294

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഫ്.സി.ഐ.യിൽ നിന്ന് കഴിഞ്ഞ മൂന്ന് മാസങ്ങളിൽ കേരളത്തിന് അനുവദിച്ച എ.പി.എൽ, ബി.പി.എൽ. വിഭാഗത്തിൽ അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര വിഹിതം എത്രവീതമാണ്;

(ബി) അതിൽ ഏറ്റെടുത്തത് എത്രയാണ്; വിതരണം ചെയ്തത് എത്രയെന്ന് വിശദമാക്കാമോ;

(സി) റേഷൻ കടകൾ വഴി ആളൊന്നിന് ഏത് അളവിലാണ് സാധനങ്ങൾ വിതരണം ചെയ്യുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സബ്സിഡി ഭക്ഷ്യസാധനങ്ങൾ</u>

1295 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ വിലക്കയറ്റത്തിൽ നിന്നും രക്ഷിക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ രംഗത്ത് എന്തെല്ലാം സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എ. പി. എൽ., ബി. പി. എൽ വിഭാഗങ്ങളിൽപ്പെട്ടവർക്ക് എന്തെല്ലാം ഭക്ഷ്യവസ്തുക്കൾ റേഷൻകടകൾ, മാവേലി സ്റ്റോറുകൾ, എന്നിവ വഴി വിതരണം ചെയ്യുന്നുണ്ട്;

(സി) സബ്സിഡി ഭക്ഷ്യ സാധനങ്ങൾ അർഹരായവർക്ക് കൃത്യമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനം പുതുതായി ഏർപ്പെടുത്തുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അംഗൻവാടികളിലും, സ്കൂളുകളിലും ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം</u>

1296 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ അംഗൻവാടികൾക്കും, സ്കൂളുകൾക്കും ലഭിക്കേണ്ട ഭക്ഷ്യവസ്തുക്കളുടെ ലഭ്യതകുറവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>റേഷൻ കാർഡിന് ജനപ്രതിനിധിയുടെ സാക്ഷ്യപത്രം</u>

1297 ശ്രീ. മാത്യു. ടി. തോമസ്,
,, ജോസ് തെറ്റയിൽ
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിനും റേഷൻ കാർഡിൽ പേര് ചേർക്കാനും ഉളള അപേക്ഷയോടൊപ്പം സ്ഥലം ജനപ്രതിനിധിയുടെ സാക്ഷ്യപത്രം നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) അപേക്ഷകരുടെ പേര് ഇന്ത്യയിൽ എവിടെയെങ്കിലും ഉളള റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ജനപ്രതിനിധികൾക്ക് യാതൊരു സംവിധാനവും ഇല്ലാതിരിക്കെ സാക്ഷ്യപത്രം നല്കുന്നത് പ്രായോഗികമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>വ്യാജ റേഷൻ കാർഡുകൾ</u>

1298 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ റേഷൻ കാർഡുകൾ പിടിക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെ നിന്നാണെന്നും ആർക്കൊക്കെയെതിരെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ വ്യാജ റേഷൻ കാർഡുകൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

## സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെട്ട വീടുകളിലെ റേഷൻ കാർഡുകൾ

1299 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ ബി. പി. എൽ. റേഷൻ കാർഡുകൾ, എ. പി. എൽ പട്ടികയിലാക്കുന്ന നടപടി ഇപ്പോഴും നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഉദ്യോഗസ്ഥരുടെ എത്ര റേഷൻ കാർഡുകൾ ബി. പി. എൽ. പട്ടികയിൽ നിന്നും എ. പി. എൽ പട്ടികയിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാർഡുകൾ മാറ്റാത്തതിന്റെ പേരിൽ ആർക്കെങ്കിലും എതിരെ വകുപ്പ് തല നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) കാലപരിധി കൂടാതെ കാർഡുകൾ എ. പി. എൽ ആക്കാനുള്ള നടപടികൾ തുടരുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

പുതുതായി റേഷൻകാർഡ് നൽകൽ/തെറ്റ് തിരുത്തൽ/കൂട്ടിച്ചേർക്കൽ

1300 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകാർഡ് നൽകൽ/തെറ്റ് തിരുത്തൽ/കൂട്ടിച്ചേർക്കൽ തുടങ്ങിയ ആവശ്യങ്ങൾ നിശ്ചിത ദിവസത്തിനകം നിറവേറ്റിനൽകണമെന്ന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിൽ പ്രസ്തുത ആവശ്യങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ 60 ദിവസംവരെ സമയം എടുക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രഖ്യാപിത തീരുമാനത്തിന് വിധേയമായി സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ പരിശോധന</u>

1301 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്പനക്കുള്ള ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ പരിശോധനക്കുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പിൾ പരിശോധനയ്ക്കായി നിലവിലുള്ള സംവിധാനം വിശദമാക്കുമോ;

(സി) ഭക്ഷ്യവിഷബാധ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ശരിയായവിധം സാമ്പിൾ കളക്ഷൻ ഉണ്ടാകുന്നില്ലെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) ഹോട്ടലുകൾ മുഖേനയുണ്ടായ ഭക്ഷ്യവിഷബാധ സംബന്ധിച്ച് 2012-ൽ ഇതേവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രയെണ്ണത്തിൽ കുറ്റം തെളിയിക്കാനും, ശിക്ഷിപ്പിക്കാനും കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>റേഷൻ കാർഡുകളുടെ എണ്ണം</u>

1302 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിൽ എത്ര റേഷൻ കാർഡുകളാണ് ഉള്ളത്;

(ബി) അവയിൽ എ.പി.എൽ. കാർഡുകൾ എത്രയെന്നും ബി.പി.എൽ. കാർഡുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(സി) പുതിയ റേഷൻകാർഡിനായുള്ള എത്ര അപേക്ഷകളാണ് സംസ്ഥാനമൊട്ടാകെ ഇപ്പോൾ തീരുമാനമാകാതെ കെട്ടികിടക്കുന്നത്;

(ഡി) അപേക്ഷിച്ചാൽ 24 മണിക്കൂറിനകം റേഷൻ കാർഡ് എന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

റേഷൻ സബ്സിഡി

1303 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര–സംസ്ഥാന സബ്സിഡി ബാങ്ക് വഴിയാക്കുന്നതിലൂടെ അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയ്ക്ക് കിലോയ്ക്ക് യഥാക്രമം എത്ര രൂപ വെച്ച് കാർഡുടമകൾ റേഷൻകടകളിൽ നൽകേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) അരിയ്ക്ക് കിലോയ്ക്ക് 20 രൂപയ്ക്ക് മുകളിലും, ഗോതമ്പിന് കിലോയ്ക്ക് 15 രൂപയ്ക്കുമുകളിലും, റേഷൻ കടകളിൽ കാർഡുടമകൾ ബി.പി.എൽ, എ.എ.വൈ, എ.പി.എൽ വ്യത്യാസമില്ലാതെ നൽകേണ്ടിവരും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

റേഷൻകടകളിലൂടെ സബ്സിഡി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ

1304 പ്രൊഫ.സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിലൂടെ എ. പി. എൽ, ബി. പി. എൽ വിഭാഗങ്ങൾക്ക് ഏതെല്ലാം നിരക്കിൽ എത്ര കിലോഗ്രാം വീതം ഭക്ഷ്യധാന്യങ്ങളാണിപ്പോൾ വിതരണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവ ഓരോ ഇനവും അർഹതപ്പെട്ട എല്ലാവർക്കും വിതരണം ചെയ്യുന്നതിന് പ്രതിമാസം വേണ്ടി വരുന്ന മൊത്തം അളവ് എത്രയാണെന്ന് വിശദമാക്കാമോ; കഴിഞ്ഞ ഒരു വർഷം റേഷൻകടകളിലൂടെ ഇവ ഓരോന്നും പ്രതിമാസം വിതരണം ചെയ്തത് സംബന്ധിച്ച വിശദാംശങ്ങൾ സബ്സിഡി ചെലവ് സഹിതം വെളിപ്പെടുത്താമോ;

(സി) ഒരു കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ എ. പി. എൽ., ബി. പി. എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും റേഷൻകടകളിലൂടെ 25 കിലോ അരി വിതരണം ചെയ്തപ്പോൾ പ്രതിമാസം സബസിഡി ഇനത്തിൽ ചെലവായ തുക എത്രയായിരുന്നു; ഒരു രൂപ നിരക്കിൽ 25 കിലോ അരി ബി. പി. എൽ കാർഡുടമകൾക്കുമാത്രം നല്കിയതിന് സബ്സിഡി ഇനത്തിൽ പ്രതിമാസം ചെലവായ തുക എത്രയെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

സബ്സിഡി ലഭ്യമായ ഇനങ്ങൾ

1305 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലറ്റുകളിൽ കൂടി വില്പന നടത്തുന്ന സാധനങ്ങളിൽ സബ്സിഡി നൽകുന്നവ ഏതൊക്കെയാണെന്നും സബ്സിഡി ഓരോ ഇനത്തിനും എത്ര വീതമാണെന്നും വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി നല്കുന്ന ഇനങ്ങളിൽ എത്ര തവണ മാറ്റം വരുത്തുകയുണ്ടായി ;

(സി) സബ്സിഡി നൽകി വരുന്നവയിൽ ഏതെല്ലാം ഇനങ്ങളെ ഇതിനകം ഒഴിവാക്കിയിട്ടുണ്ട് ;

(ഡി) ഇപ്പോൾ ഔട്ട്ലറ്റുകളിൽ വിതരണം ചെയ്യുന്ന ഓരോ സാധനങ്ങളുടെയും കിലോ ഒന്നിനുള്ള വില എത്ര വീതമാണെന്ന് വിശദമാക്കാമോ ; ഇതേ സാധനങ്ങൾക്ക് 2010 ൽ ഇതേ കാലയളവിൽ വില എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

റേഷൻ വിതരണം കമ്പ്യൂട്ടർവത്കരിക്കാനുള്ള പദ്ധതി

1306 ശ്രീ. അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണം കമ്പ്യൂട്ടർവത്കരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിലുള്ള റേഷൻ വിതരണ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഈ പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത് ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>റേഷൻ സമ്പ്രദായം ആധുനികവൽക്കരിക്കാനുള്ള പദ്ധതി</u>

1307 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, എം.എ. വാഹീദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സമ്പ്രദായം ആധുനികവൽക്കരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി ആധുനികവൽക്കരണം വഴി എന്തെല്ലാം പരിഷ്കരണങ്ങളാണ് റേഷൻ വിതരണ സമ്പ്രദായത്തിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കുവാൻ ലഭ്യമാകുന്ന കേന്ദ്ര സഹായം എത്രയാണ് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം

1308 ശ്രീ. റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നിയന്ത്രിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പിലാക്കുന്നത് വഴി നിലവിലുള്ള റേഷൻ വിതരണത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>റേഷൻ സബ്സിഡി</u>

1309 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി നൽകുന്ന അരിക്ക് സബ്സിഡി നിറുത്തലാക്കി പകരം സബ്സിഡി തുക ബാങ്ക് അക്കൗണ്ട് വഴി നൽകാൻ ഉത്തരവിറക്കിയിട്ടുണ്ടോ;എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

**<u>റേഷനിംഗ് സമ്പ്രദായം സുതാര്യമാക്കുക വഴി ഉണ്ടാകുന്ന നേട്ടങ്ങൾ</u>**

1310 ശ്രീ. പി. സി ജോർജ്ജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുവോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നല്കുമോ;

(ബി) പൊതുവിതരണ ശൃംഖല പരിഷ്കരിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്;

(സി) റേഷനിംഗ് സമ്പ്രദായം സുതാര്യമാക്കുകവഴി സർക്കാരിനും ജനങ്ങൾക്കും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>റേഷൻ കടകളിൽ നിന്നും സബ്സിഡി ഒഴിവാക്കൽ</u>

1311

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ നിന്നും സബ്സിഡി പൂർണ്ണമായും ഒഴിവാക്കി ബാങ്കിലേക്ക് മാറ്റുമ്പോൾ ഒരു കിലോഗ്രാം അരി, പഞ്ചസാര, ഗോതമ്പ്, ഒരു ലിറ്റർ മണ്ണെണ്ണ എന്നിവയ്ക്ക് എത്ര വില നൽകേണ്ടിവരുമെന്ന് വിശദമാക്കാമോ;

(ബി) ഈ തുക നൽകി സാധാരണ ദരിദ്ര ജനവിഭാഗങ്ങൾക്ക് റേഷൻ സാധനങ്ങൾ വാങ്ങാൻ പ്രാപ്തിയില്ലെന്നുള്ള കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇത് റേഷൻ കട പൂട്ടാനും പൊതുമാർക്കറ്റിൽ വില ഉയരാനും ഇടയാക്കുമോ;

(ഡി) ഇത്തരം പരിഷ്ക്കാരങ്ങൾ കേരളത്തിൽ നടപ്പാക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള ഒരു കിലോയ്ക്ക് ഒരു രൂപ/രണ്ടു രൂപ/സാധാരണ റേഷൻ വില എന്നിവ അനുസരിച്ച് റേഷൻ വാങ്ങാൻ കഴിയാത്ത ദരിദ്രവിഭാഗങ്ങളെ സഹായിക്കാൻ എന്തു നടപടി സ്വീകരിക്കും; വിശദമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

## സബ്സിഡി സിലിണ്ടർ

O1312 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാചകവാതക ഉപഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ അധികമായി നൽകുമെന്നു പറഞ്ഞ മൂന്ന് സബ്സിഡി സിലിണ്ടറുകൾക്കായി എത്ര രൂപയുടെ അധിക ബാധ്യത ഉണ്ടാവുമെന്നാണ് കണക്കാക്കിയിട്ടുളളത്;

(ബി) കേന്ദ്ര സർക്കാർ സബ്സിഡി വെട്ടിക്കുറച്ചതിനെതിരെ സംസ്ഥാനത്തിന്റെ പ്രതിഷേധം അറിയിക്കുകയോ ആയതിന് കേന്ദ്ര മന്ത്രാലയം എന്തെങ്കിലും മറുപടി നൽകുകയോ ചെയ്തിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ സബ്സിഡി സിലിണ്ടറുകളുടെ എണ്ണം വെട്ടിക്കുറച്ചതിനെക്കുറിച്ച് സംസ്ഥാന സർക്കാരിന്റേ അഭിപ്രായം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാർ നൽകുമെന്നറിയിച്ച അധിക മൂന്ന് സബ്സിഡി സിലിണ്ടറുകളെ സംബന്ധിച്ച് ഉത്തരവുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

ററേഷൻ മണ്ണെണ്ണ സബ്സിഡി

1313 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സബ്സിഡി ബാങ്ക് അക്കൗണ്ട് വഴിയാക്കുന്ന പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ സഹായം നല്കിയിട്ടുണ്ടോ; എങ്കിൽ എത്ര; മൊത്തം എത്ര കോടി രൂപ ഗ്രാന്റായി കേന്ദ്ര സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നു;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതിനിർദ്ദേശത്തിനെതിരെ ജനങ്ങളിൽ ഉളവായിരിക്കുന്ന അസംതൃപ്തിയും പ്രതിഷേധങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>റേഷൻ മണ്ണെണ്ണ വിഹിതം</u>

1314 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റേഷൻ മണ്ണെണ്ണ വിഹിതം പ്രതിമാസം ഇപ്പോൾ എത്ര ലിറ്റർ ആണ്; ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ എത്രയായിരുന്നു; എത്ര ശതമാനം കുറവാണ് വന്നിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതുപയോഗിച്ച് എത്ര കാർഡുടമകൾക്ക് എത്ര ലിറ്റർ വീതം ഇപ്പോൾ നൽകി വരുന്നു;

(സി) സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതത്തിൽ കേന്ദ്രാനുമതി ഇല്ലാതെ എത്ര ലിറ്റർ മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് നൽകുന്നു;

(ഡി) മത്സ്യബന്ധന പെർമിറ്റുകൾ വൻതോതിൽ പണയം വാങ്ങി ഇടനിലക്കാർ ദുരുപയോഗം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) തമിഴ്നാടും മഹാരാഷ്ട്രയും മത്സ്യബന്ധനത്തിനായി കേന്ദ്രത്തിൽ നിന്നും സബ്സിഡി ഇല്ലാതെ മണ്ണെണ്ണ വാങ്ങി സംസ്ഥാന സബ്സിഡിയോടെ നൽകി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കേരളത്തിലും ഈ മാർഗ്ഗം അവലംബിക്കാൻ കഴിഞ്ഞ സർക്കാർ അവസാന ബജറ്റിൽ 20 കോടി രൂപ വകയിരുത്തുകയും ആയത് ഇപ്പോൾ ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധന

O1315 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് കേന്ദ്ര സർക്കാരോ എണ്ണക്കമ്പനികളോ എത്ര തവണ വില വർദ്ധിപ്പിച്ചു; ഓരോ തവണയും എത്ര രൂപ വീതം വർദ്ധിപ്പിച്ചു;

(ബി) ഈ വില വർദ്ധന നടപ്പാക്കിയ അവസരങ്ങളിൽ എത്ര തവണ സംസ്ഥാന സർക്കാർ സബ്സിഡി നൽകി; ഓരോ തവണയും എത്ര വീതം സബ്സിഡി നൽകി; ഇതുവഴി സംസ്ഥാന ഖജനാവിന് എത്ര രൂപ വീതം ബാധ്യത ഉണ്ടായി;

(സി) സംസ്ഥാന സർക്കാർ നൽകിയ നികുതി ഇളവുകൾ ഇപ്പോഴും നിലനിർത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പിൻവലിച്ചതിന്റെ കാരണം എന്താണ്;

(ഡി) പെട്രോളിയം ഉൽപ്പന്നങ്ങൾക്കു വരുത്തിയ വില വർദ്ധനവിനെതിരെ സംസ്ഥാന സർക്കാർ എതിർപ്പ് അറിയിക്കുകയോ ആയതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പാചകവാതക ഉപഭോഗം</u>

1316 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കുടുംബങ്ങൾക്ക് പാചക ഗ്യാസ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും, അതിൽ എത്രപേർ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങളിൽപ്പെടുമെന്നും ഉള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് ഗ്യാസ് കണക്ഷൻ ഉളളവർ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുമോ;

(സി) മുൻവർഷങ്ങളിലെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഒരു കുടുംബം ശരാശരി എത്ര സിലിണ്ടർ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷം സ്ഥിരമായി പാചകവാതക കണക്ഷൻ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ കണക്ക് ലഭ്യമാക്കാമോ;

(ഇ) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഓരോവർഷവും പുതുതായി ഗ്യാസ് കണക്ഷൻ നേടിയിട്ടുളളവരുടെ കണക്കുകൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

ഓട്ടോമേറ്റഡ് ഗ്യാസ് ബുക്കിംഗ് സംവിധാനം

1317 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താവ് ഓട്ടോമേറ്റഡ് ഗ്യാസ് ബുക്കിംഗ് സംവിധാനത്തിൽ ഗ്യാസ് സിലിണ്ടറിനായി ബുക്ക് ചെയ്ത് കഴിഞ്ഞ് ഡോക്കറ്റ് നമ്പറും ലഭിച്ച് സമയക്രമത്തിൽ ക്യാഷ് ബില്ലിംഗും കഴിഞ്ഞാൽ ഉടൻതന്നെ സിലിണ്ടർ നൽകണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ ക്യാഷ് ബില്ലിംഗ് കഴിഞ്ഞ് എത്ര സമയത്തിനുള്ളിലാണ് ഉപഭോക്താവിന് സിലിണ്ടർ എത്തിച്ചു കൊടുക്കേണ്ടത്;

(സി) പ്രസ്തുത വ്യവസ്ഥ ഗ്യാസ് ഏജൻസി പാലിച്ചില്ലെങ്കിൽ സ്വീകരിക്കുന്ന നടപടികളെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഉപഭോക്താവിന് ക്യാഷ് മെമ്മോ ആവുകയും എന്നാൽ പലകാരണങ്ങൾ പറഞ്ഞ് സിലിണ്ടർ എത്തിക്കാതെ നീക്കുന്നത് മൂലം റീബുക്കിംഗിന് ഉള്ള ധാർമ്മികമായ അവസരം നീളുന്നതിന് ഉത്തരവാദികളാരാണ്;വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>പാചകവാതക ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി</u>

1318

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബി.പി.എൽ / എ.പി.എൽ വ്യത്യാസമില്ലാതെ 12 സിലിണ്ടറുകൾ ഒരു വർഷം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നയമായ സബ്സിഡി വെട്ടിക്കുറയ്ക്കലും പാചകവാതക സിലിണ്ടർ പരിമിതപ്പെടുത്തലുമാണോ സർക്കാരും പിൻതുടരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

പെട്രോളിയം ഉല്പന്നങ്ങളുടെ വിലവര്‍ദ്ധനവ്

1319 ശ്രീ. കെ.കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2009 ജനുവരി മുതല്‍ ഇതേവരെ സംസ്ഥാനത്ത് വിതരണം ചെയ്തു വരുന്ന പെട്രോള്‍, ഡീസല്‍, പാചകവാതകം, മണ്ണെണ്ണ എന്നിവയുടെ വിലയില്‍ എത്രതവണ വര്‍ദ്ധനവ് വരുത്തുകയുണ്ടായെന്ന് അതത് കാലത്തെ വിലയും വര്‍ദ്ധനവും അടിസ്ഥാനമാക്കി വിശദമാക്കുമോ ;

(ബി) ഏറ്റവും ഒടുവില്‍ ലഭ്യമായ കണക്കുകള്‍ പ്രകാരം സംസ്ഥാനത്ത് പ്രതിവര്‍ഷം ഉപയോഗിക്കപ്പെടുന്ന പെട്രോള്‍, ഡീസല്‍, പാചകവാതകം, മണ്ണെണ്ണ എന്നിവ എത്രയാണെന്ന് വിശദമാക്കുമോ ; കഴിഞ്ഞ അഞ്ച് വര്‍ഷത്തെ ഇവയുടെ ഉപഭോഗം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പാചകവാതക കണക്ഷനുള്ള പുതിയ അപേക്ഷകൾ</u>

1320 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി പാചകവാതക കണക്ഷനുള്ള അപേക്ഷകൾ ഇപ്പോൾ സ്വീകരിക്കാതിരിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ ;

(സി) പാചകവാതകക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പാചക വാതക വിതരണ ഏജൻസികൾ</u>

1321 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പാചക വാതകം വിതരണം ചെയ്തുവരുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെയും, സ്വകാര്യ സ്ഥാപനങ്ങളുടെയും ഏജൻസികൾ എത്ര വീതമുണ്ടെന്നും ഓരോ ഏജൻസിക്കും നിലവിൽ എത്ര വീതം ഉപഭോക്താക്കളുണ്ടെന്നും ജില്ല തിരിച്ചു കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

## എൽ. പി. ജി. ഉപഭോക്താക്കൾ

1322

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എൽ. പി. ജി. ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്ന കണക്ക് നിലവിലുണ്ടോ;

(ബി) ഒരു മേൽവിലാസത്തിൽ രണ്ട് കണക്ഷനുകൾ നൽകുന്നതിന് നിയമതടസ്സമുണ്ടോ;

(സി) വാടകയ്ക്ക് താമസിക്കുന്നവരുൾപ്പെടെയുള്ള ജനവിഭാഗത്തെ ഒരു മേൽവിലാസത്തിൽ രണ്ട് കണക്ഷൻ നൽകില്ല എന്ന നിലപാട് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകള്‍</u>

1323 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുവാന്‍ സംസ്ഥാനത്ത് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകള്‍ ആരംഭിക്കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ; ഇത് ഒരു മണ്ഡലത്തില്‍ എത്രയെണ്ണം വീതം ഉണ്ടാകുമെന്ന് പറയാമോ;

(ബി) നിലവിലുള്ള സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകള്‍ എല്ലാ മേഖലയിലും എത്താത്തതിനാല്‍ ജനങ്ങള്‍ക്ക് പ്രയോജനം കിട്ടുന്നില്ല എന്നും സബ്സിഡി സാധനങ്ങള്‍ ആവശ്യത്തിന് ലഭിക്കുന്നില്ല എന്നുമുള്ള ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(സി) സര്‍ക്കാര്‍ ആരംഭിക്കാനുദ്ദേശിക്കുന്ന സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളിലൂടെ ജനങ്ങള്‍ക്ക് സബ്സിഡി നിരക്കില്‍ എന്തെല്ലാം സാധനങ്ങള്‍ ഏതെല്ലാം അളവില്‍ ലഭിക്കുമെന്ന് വ്യക്തമാക്കാമോ; ഈ മാവേലി സ്റ്റോറുകളുടെ പ്രവര്‍ത്തനം എല്ലാ താലൂക്കുകളിലും മണ്ഡലങ്ങളിലും എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പീപ്പിൾസ് ബസാർ</u>

1324 ശ്രീ. വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ബസാറുകൾ കൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണ്;

(ഡി) എല്ലാത്തരം നിത്യോപയോഗ സാധനങ്ങളും പീപ്പിൾസ് ബസ്സാറിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അവശ്യസാധനങ്ങൾക്ക് സബ്സിഡി</u>

1325

ശ്രീ. കെ. രാധാകൃഷ്ണൻ
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകളിൽ നിന്ന് അവശ്യവസ്തുക്കൾ മിതമായ വിലയ്ക്ക് ലഭ്യമാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ആശ്വാസകരമായ രീതിയിൽ സബ്സിഡി നൽകിക്കൊണ്ട് പ്രസ്തുത സ്റ്റോറുകൾ വഴി ആവശ്യത്തിന് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സബ്സിഡി ഇല്ലാതെ അവശ്യവസ്തുക്കൾ ഉയർന്ന വിലയ്ക്ക് മാവേലി സ്റ്റോറുകളിലൂടെ വിൽക്കുന്നത് സ്വകാര്യകച്ചവടക്കാർക്ക് വിലകൂട്ടി വിൽക്കാൻ സഹായകരമായിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>വിലക്കയറ്റം സൃഷ്ടിക്കുന്നവര്‍ക്കെതിരെ നടപടി</u>

1326 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
,, വി. ശശി
ശ്രീമതി ഇ. എസ്. ബിജിമോള്‍
ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് ഈ ഗവണ്‍മെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) നിത്യോപയോഗ സാധനങ്ങള്‍ക്ക് കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്നവര്‍ക്കെതിരെ നടപടി എടുക്കാറുണ്ടോ; എങ്കില്‍ എത്ര പേര്‍ക്കെതിരെ നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് മാവേലി സ്റ്റോറുകളുടെ പ്രവര്‍ത്തനം പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ മാവേലി സ്റ്റോറുകള്‍ കാര്യക്ഷമമായി പ്രവര്‍ത്തിപ്പിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം കുറഞ്ഞ വിലയിൽ ഭക്ഷ്യധാന്യങ്ങൾ

1327 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, കെ. അച്ചുതൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു വിപണിയിൽ കുറഞ്ഞ വിലയിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയിട്ടിട്ടുള്ളതായി അറിയാമോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് സംസ്ഥാനത്തിന് കേന്ദ്രം അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഏത് ഏജൻസി വഴിയാണ് ഈ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ പദ്ധതി പ്രകാരം അരിയും ഗോതമ്പും എന്ത് വിലയ്ക്കാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അവശ്യസാധനങ്ങളുടെ വിലവര്‍ദ്ധന</u>

1328 ശ്രീ. എം.എ. ബേബി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. വി. ചെന്താമരാക്ഷന്‍
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡീസല്‍ വിലവര്‍ദ്ധനയുടെ കനത്ത ആഘാതം സാധാരണക്കാരായ ഉപഭോക്താക്കളെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കില്‍ വിശദമാക്കാമോ ;

(ബി) ചരക്കുകൂലി വര്‍ദ്ധിപ്പിച്ചതോടെ ഭക്ഷ്യവസ്തുക്കള്‍ അടക്കം അവശ്യസാധനങ്ങളുടെ വില എത്ര ശതമാനം കണ്ട് വര്‍ദ്ധിച്ചിട്ടുണ്ടെന്ന് സര്‍ക്കാര്‍ വിലയിരുത്തലുകളുടെ അടിസ്ഥാനത്തില്‍ വിശദമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് വന്‍കിട കച്ചവടക്കാര്‍ കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തുകയും ജനങ്ങളെ കൊള്ളയടിക്കുകയും ചെയ്യുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള</u>
<u>മാനദണ്ഡങ്ങൾ</u>

1329 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുളളത്;

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ പുതിയേടത്ത്പറമ്പ, ഐക്കരപ്പടി, മുതുവല്ലൂർ, കാരോട് എന്നീ മാവേലിസ്റ്റോറുകൾ എന്ന് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>മാവേലിസ്റ്റോറുകളിലെ ജീവനക്കാരുടെ ക്രമീകരണം</u>

1330 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം 5 ലക്ഷം രൂപയിൽ താഴെ മാത്രം വിറ്റുവരവുള്ള മാവേലിസ്റ്റോറുകൾ എത്രയാണെന്ന കണക്കെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മാവേലിസ്റ്റോറുകളിലെ ജീവനക്കാരുടെ വിനിയോഗം ക്രമപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; ഈ ക്രമീകരണത്തിന്റെ ഭാഗമായി ദിവസക്കൂലി അടിസ്ഥാനത്തിലും അല്ലാതെയും ജോലി ചെയ്യുന്ന എത്രപേർ അധികമായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അധികമാണെന്ന് കരുതുന്നവർ എത്ര ; ഇവരെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എത്ര മാവേലിസ്റ്റോറുകൾ അടച്ചു പൂട്ടേണ്ടവയുണ്ടെന്ന് കരുതുന്നു ; ഇതിനകം അടച്ചു പൂട്ടിയവ എത്രയെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾ</u>

1331 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് വകുപ്പിന്റെ മാവേലി സ്റ്റോറുകളിലുടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) മാവേലി സ്റ്റോറുകളിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾക്കുണ്ടായ ദൗർലഭ്യംമൂലം പൊതുവിപണിയിൽ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മാവേലി സ്റ്റോറുകളിൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനുള്ള ലേല നടപടികളിൽ മാറ്റം വരുത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളുടെ വാടക</u>

1332 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തുകൾ സജ്ജീകരിക്കേണ്ട സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) മാവേലി സ്റ്റോർ തുടങ്ങുന്ന കടകൾക്ക് എത്ര വർഷത്തെ വാടകയാണ് ഗ്രാമപഞ്ചായത്തുകൾ നൽകേണ്ടത്;

(സി) ഇത് ഏത് ഫണ്ടിൽ നിന്നാണ് നൽകേണ്ടത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>നടേരിയിൽ മാവേലിസ്റ്റോർ അനുവദിക്കൽ</u>

1333

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നടേരിയിൽ മാവേലിസ്റ്റോർ അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യവകുപ്പ് സെക്രട്ടറിതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നത് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ</u>

1334 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) ആറ്റിങ്ങലിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

'നൻമ' സ്റ്റോറുകൾ

1335 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര 'നൻമ' സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ; എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിൽ പുതിയതായി എത്ര മാവേലി സ്റ്റോറുകൾ തുറന്നു പ്രവർത്തിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

എ. പി. എൽ. – ബി. പി. എൽ. റേഷൻ കാർഡുകൾ

1336 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര എ. പി. എൽ., ബി. പി. എൽ. റേഷൻ കാർഡുകളാണുളളത് ; അന്ത്യോദയ, അന്നപൂർണ്ണ പദ്ധതി പ്രകാരമുള്ള ധാന്യം ലഭിക്കുന്നവരുടെ എണ്ണമെത്ര ;

(ബി) ഒരു എ. പി. എൽ. റേഷൻ കാർഡ് ഉടമയ്ക്ക് ഒരു മാസം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവും വിലയും വ്യക്തമാക്കുമോ ; ഓരോ ധാന്യത്തിന്റെയും മണ്ണെണ്ണയുടെയും സബ്സിഡി എത്ര രൂപയാണ് ;

(സി) ഒരു ബി. പി. എൽ. റേഷൻ കാർഡ് ഉടമയ്ക്ക് ഒരു മാസം ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവും വിലയും വ്യക്തമാക്കുമോ ; ഓരോ ഭക്ഷ്യധാന്യത്തിന്റെയും മണ്ണെണ്ണയുടെയും സബ്സിഡി എത്ര രൂപയാണ് ;

(ഡി) സബ്സിഡിയില്ലാതെ ഒരു എ. പി. എൽ. റേഷൻ കാർഡ് ഉടമയ്ക്ക് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവും വിലയും വ്യക്തമാക്കുമോ ; ഈ ഭക്ഷ്യ ധാന്യങ്ങളുടെ വില 2011 മേയ് മാസത്തിൽ എത്ര രൂപയായിരുന്നു ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ബി.പി.എൽ. കാർഡുടമകൾ</u>

1337 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.പി.എൽ.ൽപ്പെട്ട എത്ര പേരുണ്ടെന്നാണ് സർക്കാർ കണക്ക് ; വിശദമാക്കാമോ ;

(ബി) ഓണത്തിന് ഫ്രീ കിറ്റ് നൽകുന്ന പദ്ധതി ഇപ്പോഴും തുടർന്നു വരുന്നുണ്ടോ ;

(സി) എത്ര ബി.പി.എൽ.കാർക്ക് കഴിഞ്ഞ ഓണത്തിന് ഫ്രീകിറ്റ് നല്കുകയുണ്ടായി ; കിറ്റിൽ എന്തെല്ലാം ഐറ്റംസ് എത്ര ഗ്രാം വീതം ഉണ്ടായിരുന്നു ; വില എത്രയായിരുന്നു ; ഈ ഇനത്തിൽ സിവിൽ സപ്ളൈസ് കോർപ്പറേഷന് ചെലവായ മൊത്തം തുക എത്ര ; ഇതിൽ സർക്കാർ നല്കിയ തുക എത്ര ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ റീടെയിൽ ഔട്ട്‌ലെറ്റ്</u>

1338

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ റീടെയിൽ ഔട്ട്‌ലെറ്റ് വഴി ആവശ്യാനുസരണം വിതരണം ചെയ്യാൻ ഭക്ഷ്യ - പലവ്യഞ്ജന വസ്തുക്കൾ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>അവശ്യസാധനങ്ങളുടെ വില വിവരപ്പട്ടിക</u>

1339

## ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന മാസം സംസ്ഥാനത്തെ അവശ്യസാധനങ്ങളുടെ വില വിവരപ്പട്ടിക എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) 2012 ഡിസംബർ മാസത്തിൽ സംസ്ഥാനത്ത് അവശ്യസാധന വിലവിവരപ്പട്ടിക എപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) അവശ്യസാധന വിലവർദ്ധനവ് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഭക്ഷ്യഉല്പന്നങ്ങളുടെ വിലവർദ്ധനവ് സംബന്ധിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>ഓപ്പൺ മാർക്കറ്റ് സപ്ലൈ സ്കീം</u>

1340 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒ.എം.എസ്.എസ് പ്രകാരം കേന്ദ്ര ഗവൺമെന്റ് എത്ര മാത്രം ഗോതമ്പ്, അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവ കേരളത്തിന് അനുവദിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര മാത്രം വിതരണം ചെയ്തു;

(സി) എത്ര വിലയ്ക്കാണ് അനുവദിച്ചത്; വിറ്റവില എത്രയാണ്;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് വിറ്റഴിച്ചത്;

(ഇ) ഇവയുടെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പൊതുവിതരണ രംഗത്തെ ജനകീയ വിജിലൻസ് കമ്മിറ്റികൾ</u>

1341 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, ഇ. കെ. വിജയൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗത്ത് സോഷ്യൽ ആഡിറ്റ് സമ്പ്രദായം നടപ്പാക്കിയതെന്നാണ്; ഈ സമ്പ്രദായം ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യ പൊതു വിതരണ രംഗത്ത് ഇപ്പോൾ ജനകീയ വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) സംസ്ഥാന–ജില്ലാ–ബ്ലോക്ക് തല ജനകീയ വിജിലൻസ് കമ്മിറ്റികൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര യോഗങ്ങൾ വീതം ചേർന്നിട്ടുണ്ട്;

(എ) ഈ കാലയളവിൽ ഈ കമ്മിറ്റികൾ എത്ര പരിശോധനകൾ നടത്തി; എത്ര ക്രമക്കേടുകൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>രണ്ടു രൂപ നിരക്കിൽ അരി</u>

1342

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ടു രൂപ നിരക്കിൽ ഇപ്പോൾ റേഷൻ കടകൾ മുഖാന്തിരം അരി വിതരണം നടക്കുന്നുണ്ടോ;

(ബി) എത്ര കാർഡുടമകൾക്കാണ് രണ്ടു രൂപ നിരക്കിൽ അരി വിതരണം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര ടൺ അരിയാണ് വിതരണം ചെയ്തത്;

(ഡി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് പ്രസ്തുത പദ്ധതിയിൽ ഇപ്പോൾ രണ്ടു രൂപ നിരക്കിൽ അരി വിതരണം നടത്തുന്നതെന്നറിയിക്കാമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പെട്രോൾ ഡീസൽ എന്നിവയുടെ വില്പന നികുതി</u>

1343 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തിനിടയിൽ സംസ്ഥാനത്ത് പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വില എത്ര തവണ വർദ്ധിക്കുകയുണ്ടായെന്നും അവ ഏതെല്ലാം ഘട്ടങ്ങളിൽ എന്തു തുക വീതമായിരുന്നെന്നും അവയുടെ ഇപ്പോഴത്തെ വില എത്രയാണെന്നും വിശദമാക്കുമോ;

(ബി) നിലവിലുള്ള നികുതികളുടെ നിരക്ക് പ്രകാരം മേല്പറഞ്ഞവ ഓരോന്നും ഒരു ലിറ്റർ വീതം വില്പന നടത്തുമ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന നികുതികൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്പെഷ്യൽ സ്കൂളിന് റേഷൻ അനുവദിക്കാൻ നടപടി</u>

1344 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ അംഗീകാരമുള്ള സ്പെഷ്യൽ സ്കൂളിന് സബ്സിഡി നിരക്കിൽ റേഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ;

(ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഫാദർ: ടെസ്സാ സ്പെഷ്യൽ സ്കൂളിന് റേഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളിന്റെ ആവശ്യം കണക്കിലെടുത്ത് അവിടത്തെ കുട്ടികൾക്ക് റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

കരിഞ്ചന്ത തടയാൻ നടപടി

1345

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചുവിൽക്കുന്നതു തടയാൻ ഫുഡ് കോർപ്പറേഷനിൽ നിന്നും റേഷൻ മൊത്ത വിതരണ കേന്ദ്രത്തിലേയ്ക്ക് പോകുന്ന ലോറികളിൽ ജി.പി.ആർ.എസ്. ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>ഹോട്ടലുകൾക്ക് ഗ്രേഡിംഗും വില ഏകീകരണവും</u>

1346 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്ക് ഒരു ഏകീകൃത വില നിലവാരമില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹോട്ടലുകളെ അവിടുത്തെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നതിനും വില ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സപ്ലൈകോ ജീവനക്കാരുടെ പ്രമോഷൻ</u>

1347

**ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ജീവനക്കാരുടെ പ്രമോഷൻ നൽകുന്നതു സംബന്ധിച്ച യോഗ്യതാ പരീക്ഷ പാസ്സായ എത്രയാളുകൾ ഇപ്പോൾ സപ്ലൈകോയിൽ ജോലി നോക്കുന്നു;

(ബി) ഇവർക്ക് അർഹമായ പ്രമോഷൻ ലഭ്യമാക്കുന്നതിനുണ്ടായ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സപ്ലൈകോ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിന് നിലവിൽ സപ്ലൈകോയ്ക്ക് എത്ര രൂപയുടെ അധിക ബാധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ ഘട്ടംഘട്ടമായി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിച്ച നെല്ല്</u>

1348 ശ്രീ. സി. കെ. സദാശിവൻ
,, രാജു എബ്രഹാം
,, കെ. വി. വിജയദാസ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകരിൽ നിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിച്ച നെല്ലിന്റെ വില നൽകാൻ കാലതാമസമുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് നൽകാനുള്ളത് ;

(സി) ഈ കാലതാമസം മൂലം കർഷകർക്ക് വായ്പാ കുടിശ്ശിക വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കർഷകർക്ക് വായ്പ പലിശയിലുണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>നെല്ലിന്റെ വില നൽകാൻ നടപടി</u>

1349

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിക്കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ;

(ബി) കർഷകർക്കു നൽകുവാനുള്ള സംഭരിച്ച നെല്ലിന്റെ വിലയുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) സംഭരിക്കുന്ന നെല്ലിന്റെ വില സംഭരിയ്ക്കുമ്പോൾത്തന്നെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിലേയ്ക്കാവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ നെല്ല് സംഭരണം</u>

1350 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുജ ജില്ലയിൽ നെല്ല് സംഭരണത്തിനായി സപ്ലൈകോയിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; രണ്ടാം കൃഷിയിൽ അവർ ഉല്പാദിപ്പിച്ച നെല്ല് മുഴുവൻ സംഭരിച്ചിട്ടുണ്ടോ ;

(ബി) കർഷകരിൽ നിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ എം.എസ്.പി. എത്രയാണ് ;

(സി) രണ്ടാം കൃഷിയിൽ ആലപ്പുഴ ജില്ലയിലെ കർഷകർ ഉല്പാദിപ്പിച്ച എത്ര നെല്ല് സപ്ലൈകോ സംഭരിച്ചു ; അതിന് ആകെ എന്തു തുക വിലവരും ; ഇതിൽ എത്ര രൂപ കർഷകർക്ക് നൽകി ; ബാക്കി നൽകുവാനുള്ള രൂപ എത്ര എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിൽ കേസ്സുകൾ തീർപ്പാക്കാൻ പദ്ധതി</u>

1351 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കാനുള്ള പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(സി) ഏതെല്ലാം കേസ്സുകളാണ് പദ്ധതി അനുസരിച്ച് തീർപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതിയുടെ കാലാവധി എന്നുവരെയാണ്;

(ഇ) കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1352 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) മുദ്രപത്ര വിതരണത്തിലെ അപാകതകളും തട്ടിപ്പുകളും തടയാൻ എന്തെല്ലാം സംവിധാനമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ആധാരങ്ങളുടെ അണ്ടർ വാല്യുവേഷൻ

1353 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) 1986 ന് ശേഷം നടന്നിട്ടുള്ള ആധാരങ്ങൾക്ക് അണ്ടർ വാല്യുവേഷന്റെ പേരിൽ കക്ഷികളിൽ നിന്നും തുക ഈടാക്കിവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം തുക നിശ്ചയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരേ ആധാരത്തിനു തന്നെ തുക അടച്ചതിനുശേഷവും അണ്ടർ വാല്യുവേഷന്റെ പേരിൽ വീണ്ടും കക്ഷികൾക്ക് നോട്ടീസ് അയച്ച് ബുദ്ധിമുട്ടുണ്ടാക്കുന്നതു സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം സംഭവിക്കുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിന്റെ മുഖാന്തിരമുള്ള വരുമാനത്തിലെ കുറവ്</u>

1354 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പ് മുഖേന സർക്കാർ ഖജനാവിലേക്കുള്ള വരവ് കുത്തനെ കുറയുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രജിസ്ട്രേഷൻ ഫീസിനത്തിലും മറ്റും സർക്കാരിനുണ്ടായ വരുമാനം 2006 മുതൽ 2012 വരെയുള്ള കാലയളവിലെ കണക്ക് പ്രസിദ്ധീകരിക്കുമോ ;

(സി) രജിസ്ട്രേഷൻ വകുപ്പ് മുഖാന്തിരമുള്ള വരുമാനത്തിലെ കുറവ് സംബന്ധിച്ച കാര്യം ഗൗരവമായി പരിഗണിക്കുമോ ; വരുമാന ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>വടക്കാഞ്ചേരിയിലെ സബ് രജിസ്ട്രാർ ഓഫീസ്</u>

1355 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി (പാലക്കാട് ജില്ല) സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) നിർമ്മാണം വൈകാൻ കാരണമെന്താണ് ; നിർമ്മാണം ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ഡിജിറ്റൽ ആധാരത്തിന്റെ പകർപ്പുകൾ

1356 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാരത്തിന്റെ പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്നും ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിക്കു വേണ്ടി സഹകരിക്കുന്നതെന്നും ഈ പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനമാകെ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?